
CHRISTIAN MUSICOLOGICAL SOCIETY OF INDIA



# ★ പള്ളിപ്പുറവും ★ സി.എം.ഐ. സഭയും

ഫാ. ആൻസലം പെരുമാലിൽ സി. എം. ഐ.

പള്ളിപ്പുറവും സി. എം. ഐ. സഭയും തമ്മിൽ അഭേദ്യമായ ഒരു ബന്ധമാണുള്ളതു്. തന്നിമിത്തം സി. എം. ഐ. സഭയുടെ മാതൃഭവനമായ മാന്നാനവും പള്ളിപ്പുറവും തമ്മിൽ വല്യതായ ബന്ധമുണ്ടു്. സി. എം. ഐ സഭാസ്ഥാപനം സംബന്ധിച്ച പ്രാരംഭ ആലോചനകൾ പള്ളിപ്പുറത്തുവച്ചാണു നടക്കുന്നതു്. ഈ സന്യാസ സഭയുടെ സ്ഥാപകപിതാക്കന്മാരിൽ ഒരുവനായ പാലയ്ക്കൽ തോമ്മാ മല്പാനച്ചൻ പള്ളിപ്പുറം സ്വദേശിയും പള്ളി





പ്പുറത്തു സെമിനാരിയുടെ മല്പാനുമായിരുന്നു. മറെറാരു സ്ഥാപകപിതാവായ ദൈവദാസൻ ചാവറ കുര്യാക്കോസച്ചൻ 1815 മുതൽ 1829 അവസാനംവരെയുള്ള തന്റെ വൈദിക വിദ്യാഭ്യാസം നടത്തിയതു് പള്ളിപ്പുറത്തു സെമ്മിനാരിയിൽ താമസിച്ചുകൊണ്ടായിരുന്നു. ഈ സെമ്മിനാരിയിൽ മല്പാന്റെയും അദ്ധ്യാപകന്റെയും ജോലി ചെയ്തു് അദ്ദേഹം പാലയ്ക്കലച്ചനെ സഹായിച്ചിട്ടുണ്ടു്. വിശിഷ്യാ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ഫ്രാൻസിസ് സേവ്യറിന്റെ കല്പനയാൽ 1832 മുതൽ രണ്ടു വർഷക്കാലം അദ്ദേഹം ഈ പള്ളിയിലെ വികാരിയുമായിരുന്നു. മാന്നാനത്തു താമസിക്കവെയാണു് അദ്ദേഹം ഇവിടേക്കു് വികാരിയായി നിയമിതനായതു്.

പള്ളിപ്പുറവും സി. എം. ഐ. സഭയും തമ്മിലുള്ള ഈ ബന്ധം ഉണ്ടാകുന്നതിനുള്ള പ്രധാന കാരണം പാലയ്ക്കൽ തോമ്മാ മല്പാനാണു്. അന്നു് വിദേശ കർമ്മലീത്തരായിരുന്ന വരാപ്പുഴയിൽ



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

സഭാ ഭരണം നടത്തിയിരുന്നത്. അവരെപ്പററി നാട്ടുകാർക്ക് വളരെയധികം പരാതികളുണ്ടായിരുന്നു. അവരിൽനിന്നു ഓരോ കാര്യങ്ങൾക്ക് അനുവാദവും മററും നേടുക വളരെയധികം വിഷമകരമായി അനുഭവപ്പെട്ടിരുന്നു. ഈ അവസരത്തിൽ അവർക്ക് ഏററവും വലിയ താങ്ങും തണലുമായിരുന്നത് പാലയ്ക്കലച്ചനായിരുന്നു. എന്തുകൊണ്ടെന്നാൽ വരാപ്പുഴ അരമനയിൽ അദ്ദേഹത്തിനു വലുതായ സ്വാധീനശക്തിയുണ്ടായിരുന്നു.

ഇതിനു പ്രത്യേക ഒരു കാരണവുമുണ്ടായി. പാസ്സൽപാദ്രി വരാപ്പുഴ വികാരി ജനറാളായിരിക്കവേ, അദ്ദേഹത്തിന്റെ ഏതോ നയവൈകല്യത്താൽ വരാപ്പുഴ വകയായിരുന്ന മണപ്പുറം തെങ്ങിൻതോപ്പ് അന്നത്തെ റസിഡണ്ട് അന്നുണ്ടായിരുന്ന സി. എം. എസ് പ്രൊട്ടസ്റ്റാൻറ് സഭക്കു കൈമാറി. ഈ തെങ്ങിൻതോപ്പായിരുന്നു വരാപ്പുഴക്കാരുടെ പ്രധാന ആദായമാർഗ്ഗം. തന്നിമിത്തം അതു നഷ്ടപ്പെട്ടതിൽ അവർക്കു വലുതായ മനഃപ്രയാസം ഉണ്ടായിരുന്നു. അത് തിരികെ കിട്ടുന്നതിൽ അവരുടെ കഴിവിന്റെ പരമാവധി പ്രയോഗിച്ചു. അവയെല്ലാം വിഫലമായി. അപ്പോഴാണ് വരാപ്പുഴ മെത്രാപ്പോലീത്താ ഇക്കാര്യത്തെപ്പററി പാലയ്ക്കലച്ചനുമായി ആലോചിക്കുന്നത്. അക്കാര്യം നിഷ്പ്രയാസം സാധിച്ചു കൊടുക്കാമെന്ന് അദ്ദേഹത്തിനു പാലയ്ക്കലച്ചൻ വാക്കു കൊടുത്തു. റസിഡൻറിന്റെ ഭാര്യ ഒരു കത്തോലിക്കയും ഗൃഹസ്ഥൻ പാലയ്ക്കലച്ചന്റെ സുഹൃത്തുമായിരുന്നു. ഏറെത്താമസിയാതെ റസിഡണ്ട് കോട്ടയത്തുവന്നപ്പോൾ പാലയ്ക്കലച്ചന്റെ നിർദ്ദേശമനുസരിച്ച് അന്നു കടമാളൂർ പള്ളിയിൽ വന്നു താമസിച്ചിരുന്ന മെത്രാപ്പോലീത്തയെ പാലയ്ക്കലച്ചൻ റസിഡണ്ടിന്റെ പക്കൽ കൊണ്ടുപോവുകയും അവിടെവച്ചു നടന്ന സംഭാഷണത്തെത്തുടർന്ന് മണപ്പുറം തെങ്ങിൻതോപ്പ് വരാപ്പുഴക്കാർക്ക് വിട്ടുകൊടുക്കുന്നതിനാവശ്യമായ റിക്കാർഡുകളിൽ റസിഡണ്ട് ഒപ്പു വക്കുകയും തെങ്ങിൻതോപ്പ് വരാപ്പുഴക്കാർക്ക് നിഷ്പ്രയാസം വിട്ടുകിട്ടുകയും ചെയ്തു. തന്നിമിത്തം പാലയ്ക്കലച്ചനു വരാപ്പുഴ അരമനയിൽ വലുതായ സ്വാധീനം ലഭിച്ചു.

കേരളത്തിൽ വൈദികർക്കെങ്കിലും ഒരു സന്യാസസഭ ഉണ്ടാകണമെന്ന ആഗ്രഹം ആദ്യമായി അങ്കുരിച്ചത് ചമ്പക്കുളം ഇടവക പോരൂക്കര തോമ്മാ മല്പാനച്ചനിലാണ്; അതും അദ്ദേഹം ഒരു വൈദികവിദ്യാർത്ഥിയായിരിക്കവേ തന്നെ. പട്ടമേററ ഉടനേ ഇക്കാര്യസാധ്യത്തിനുവേണ്ടതു ചെയ്യണമെന്നായിരുന്നു അദ്ദേഹത്തിന്റെ നിശ്ചയം. പക്ഷേ, അധികാരികൾ അദ്ദേഹത്തെ ചമ്പക്കുളത്തും തുടർന്നു കൊല്ലത്തും വികാരിയായിട്ടും പിന്നീട് മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായിട്ടും നിയമിക്കയാണു ചെയ്തത്. ഈ അവസരത്തിലാണ് ലത്തീൻകാരിൽ അഞ്ഞൂററിക്കാരും എഴുനൂററിക്കാരും തമ്മിൽ വഴക്കുണ്ടാകുകയും മെത്രാപ്പോലീത്താ തന്റെ ആസ്ഥാനം അർത്തുങ്കലേക്കു മാററുകയും ചെയ്തത്. ഈ അവസരങ്ങളിലെല്ലാം പോരൂക്കര അച്ചന്റെ പ്രധാന ചിന്താവിഷയം സന്യാസസഭാസ്ഥാപനമായിരുന്നു. അർത്തുങ്കലെ താമസത്തിനിടയിൽ പാലയ്ക്കലച്ചനു മെത്രാപ്പോലീത്തായുടെ പക്കലുള്ള അസാമാന്യ സ്വാധീനശക്തിയെപ്പററി പോരൂക്കര അച്ചനു നല്ലതുപോലെ ബോദ്ധ്യമായി. തന്റെ ചിരപ്രതീക്ഷിതമായ ലക്ഷ്യം സാധിക്കുന്നതിനുള്ള ഏററം പ്രായോഗികമായ മാർഗ്ഗം പാലയ്ക്കലച്ചന്റെ ഈ സ്വാധീനശക്തി പ്രയോഗിക്കയാണെന്നും പോരൂക്കര അച്ചനു ബോദ്ധ്യമായി.

ഇതിനായി പോരൂക്കര തോമ്മാച്ചൻ പലപ്രാവശ്യം അർത്തുങ്കൽനിന്നു പള്ളി



www.TheCMSIndia.org

പ്പുറത്തിനു കാർനടയായിതന്നെ നടന്നു വന്നു തന്റെ ഉദ്ദേശ്യം പാലയ്ക്കലച്ചനെ അറിയിക്കയും അതു നേടി എടുക്കുന്നതിനു് അദ്ദേഹത്തിന്റെ സഹായം തേടുകയും ഇതിന്റെ എല്ലാവശങ്ങളെപ്പററിയും അദ്ദേഹവുമായി ആലോചിക്കയും ചെയ്തു. ഇങ്ങനെ പള്ളിപ്പുറം കേരളത്തിലെ സന്യാസസഭാസ്ഥാപനത്തിന്റെ സിരാകേന്ദ്രമായി ഭവിക്കയും ചെയ്തു. തുടർച്ചയായ ആലോചനകൾക്കുശേഷം തോമ്മാച്ചന്മാർ രണ്ടുപേരും പള്ളിപ്പുറത്തുവച്ചു് ഒരു തീരുമാനത്തിലെത്തി.

തുടർന്നു് അവർ രണ്ടുപേരും പള്ളിപ്പുറത്തുനിന്നു അർത്തുങ്കലേയ്ക്കു് പോയി സന്യാസസഭാസ്ഥാപനത്തിനുള്ള അനുമതികൾ വരാപ്പുഴ മെത്രാപ്പോലീത്തയിൽനിന്നു രേഖാമൂലം സമ്പാദിച്ചു.

തുടർന്നു് സന്യാസസഭാസ്ഥാപനത്തിനുള്ള സ്ഥലമന്വേഷിക്കുന്നതും അതിനു വേണ്ട പണപ്പിരിവുനടത്തുന്നതും പള്ളിപ്പുറം കേന്ദ്രമാക്കിയായിരുന്നു. ഒടുവിൽ മാന്നാനം കുന്നിൽ 1831 മെയ് 11-നു് കല്ലിടുന്നതിനു പോകുന്നതും പള്ളിപ്പുറത്തുനിന്നുമായിരുന്നു. പാലക്കലച്ചന്റെയും വരാപ്പുഴ വികാരി അപ്പസ്തോലിക്കാ മൗറേലിയൂസ് സ്റ്റബിലീനി മെത്രാന്റെയും സാന്നിദ്ധ്യത്തിൽ പോരൂക്കര അച്ചൻ കല്ലിട്ടശേഷം മാന്നാനത്തെ പണികൾ തുടർന്നുകൊണ്ടിരുന്നു. സെമിനാരി മല്പാൻ ആയിരുന്നതിനാൽ പാലക്കലച്ചൻ പള്ളിപ്പുറത്തു താമസിച്ചിരുന്നെങ്കിലും ഇടക്കിടെ മാന്നാനത്തുപോയി വേണ്ട അന്വേഷണങ്ങൾ ചെയ്തുകൊണ്ടിരുന്നു. പോരൂക്കര അച്ചൻ മാന്നാനത്തുതന്നെ താമസിച്ചിരുന്നു.

ചാവറ കുര്യാക്കോസച്ചന്റെ 1815 മുതൽ 1829 വരെയുള്ള വൈദികപഠനം നിർവ്വഹിച്ചതു് പള്ളിപ്പുറം സെമിനാരിയിലായിരുന്നല്ലോ. തന്നിമിത്തം സന്യാസഭാസ്ഥാപനം സംബന്ധിച്ചുള്ള ആലോചനകളിൽ അദ്ദേഹവും ആരംഭം മുതൽക്കേ ഏർപ്പെട്ടിരുന്നു. പാലക്കലച്ചന്റെ രോഗാവസ്ഥയിലും മരണത്തെ തുടർന്നും ചാവറ അച്ചൻ പള്ളിപ്പുറം സെമിനാരിയുടെ മല്പാൻ ആയും ജോലി നോക്കിയിരുന്നു. 1832 മുതൽ അദ്ദേഹം പള്ളിപ്പുറം പള്ളിയുടെ വികാരിയായിട്ടും ജോലിനോക്കിയിട്ടുണ്ടല്ലോ. ഇങ്ങനെ കേരളത്തിലെ പ്രഥമ സന്യാസസഭയുടെ സ്ഥാപകപിതാക്കന്മാരിലൊരാളും ആ സഭയുടെ പ്രഥമ പ്രിയോർജനറാളുമായ ചാവറ അച്ചനു പള്ളിപ്പുറവുമായി അഭേദ്യമായ ബന്ധമാണുണ്ടായിരുന്നതു്.

1861 മേയ് 9നു് കൊച്ചിയിൽ വന്നിറങ്ങിയ റോക്കോസ് മെത്രാന്റെ നീക്കങ്ങൾക്കെതിരായി സഭയിൽ ധീരമായ നേതൃത്വം നല്കുന്നതിനു് ചാവറ അച്ചൻ വൈദികരുടെയും പള്ളിപ്രതിപുരുഷന്മാരുടെയും യോഗം വിളിച്ചുകൂട്ടിയതും പള്ളിപ്പുറത്തുവച്ചായിരുന്നു. അതിൽവച്ചു തെരഞ്ഞെടുത്ത കമ്മററിയുടെ അദ്ധ്യക്ഷനും ചാവറ അച്ചൻതന്നെയായിരുന്നു. റോക്കോസ് ശീശ്മക്കെതിരായി ചാവറ അച്ചന്റെ നേതൃത്വത്തിൽ സഭയിൽ ഉജ്ജ്വലത്തായ ചലനങ്ങൾ സൃഷ്ടിക്കയും കാലോചിതമായ തന്റെ അശ്രാന്തപരിശ്രമത്താൽ അതിനെ പരാജയപ്പെടുത്തുകയും ചെയ്തു.

ഇത്രയും പ്രസ്താവിച്ചതിൽനിന്നു കേരളത്തിലെ പ്രഥമ സന്യാസസഭയായ സി. എം. ഐ സഭക്കു പള്ളിപ്പുറവുമായുള്ള ബന്ധം വ്യക്തമായി എന്നുകരുതുന്നു.



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS

www.TheCMSIndia.org